**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **16-03-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ ദേശീയ ജലപാതയുടെ നിർമ്മാണത്തിൽ ഉണ്ടായ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | കോവളം മുതൽ ബേക്കൽ വരെയുള്ള പശ്ചിമ തീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ) - ന്റെ ഭാഗമായിട്ടുള്ള കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ ദൈർഘ്യം ഉണ്ടായിരുന്ന ജലപാതയാണ് കേരളത്തിൽ ദേശീയ ജലപാത-3 ആയി പ്രഖ്യാപിക്കപ്പെട്ടിരുന്നത്. ഈ ദേശീയ ജലപാത -3 നെ കോഴിക്കോട് വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ചമ്പക്കര, ഉദ്യോഗമണ്ഡൽ കനാലുകളെയും ദേശീയ ജലപാത -3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ -ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), എ.വി.എം കനാൽ(NW-13), കോട്ടയം-വൈക്കം കനാൽ( NW-59) എന്നിവയേയും ദേശീയ ജലപാതകളാക്കിയിട്ടുണ്ട്. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ അധീനതയിലാണ് നടപ്പാക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും ടി ജലപാത പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേക്ക് എത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിൽ തർക്കം നിലനില്ക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാകളക്ടർക്കും, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ദേശീയ |

ജലപാത 3 ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ദൂരം ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്നു. പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ) ന്റെ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതകളാണ്. പശ്ചിമതീരകനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും, കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. 2022 അവസാനത്തോടെ രണ്ടാം ഘട്ടം പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാത നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025 ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനം, ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നു. കോവളം -കൊല്ലം കോവളം മുതൽ വള്ളക്കടവ് വരെ ജലപാതയുടെ വീതി 35 മീറ്റർ (25 മീ. ജലപാത + ഇരുവശങ്ങളിലും 5 മീ. ബണ്ട് റോഡ്) ആക്കി മാറ്റുന്നതിലേയ്ക്കായി പാർവ്വതീ പുത്തനാറിന്റെ ഇരുവശങ്ങളിലും അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിരക്കും കൂടി പരിഗണിച്ച് KIIFB പ്രസ്തുത തുക 87.18 കോടിയായി വർദ്ധിപ്പിച്ചിട്ടുള്ളതും KIIFB LA യൂണിറ്റുമായി ചേർന്ന് സ്ഥല പരിശോധന നടത്തി വരുന്നതുമാണ്. കോവളം- ആക്കുളം ഭാഗത്ത് പാർവ്വതീ പുത്തനാറിന്റെ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും, കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 150

കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. അതിൻപ്രകാരം ഡി.പി.ആർ തയ്യാറാക്കി KIIFB യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വേളി മുതൽ പള്ളിത്തുറ വരെ കനാലിന്റെ ഇരുവശത്തും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിൽ പുത്തൻപാലത്തും പനത്തുറയിലും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റീൽ ലാറ്റിസ് വെഹിക്കുലർ പാലങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിനു കുറുകെ ആവശ്യത്തിനു വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാതെ നിർമ്മിച്ചിരിക്കുന്ന നിർമ്മിതികൾ നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 1275 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് KIIFB യുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പുനരധിവാസ പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ സർക്കാർ നിർമ്മിച്ചു നൽകുകയോ, സ്വന്തം നിലയിൽ വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് താല്പര്യം ഉള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം മാതൃകയിൽ ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും കൂടി 10 ലക്ഷം രൂപ (ഭൂമിയ്ക്ക് 6 ലക്ഷം+വീടിന് 4 ലക്ഷം ) അനുവദിക്കുന്നതിനോ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള അർഹത പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ PMU രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചു വരുന്നു. മേൽ പ്രവൃത്തികൾ ജലപാതാ വികസനപദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡും (KWIL), ഉൾനാടൻ ജലഗതാഗത വകുപ്പും സംയുക്തമായി റവന്യൂ ഫിഷറീസ് വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. കോഴിക്കോട്-ബേക്കൽ കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലപാതാ നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. മാഹി വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കി.മീ കനാൽ

| | | | |
|---|---|---|---|
| | | | പുതുതായി നിർമ്മിക്കേണ്ടി വരും ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 650 കോടി രൂപ KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. അതുപോലെ നീലേശ്വരം ബേക്കൽ ഭാഗത്തും 6.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടി വരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 189 കോടി രൂപ KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഈ പ്രവൃത്തികൾ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ